(സി) വർഷക്കാലത്ത് ഈ കെട്ടിടത്തിന്റെ ചോർച്ച കാരണം ഇവിടുത്തെ കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കൂടം .. 46 കുട്ടികൾ
മാറനട്ടി .. 21 കുട്ടികൾ

(ബി) ഈ കേന്ദ്രങ്ങൾ ഡി.പി.ഇ.പി. അനുവദിച്ച ഓലമേഞ്ഞ ഷെഡുകളിലാണ് പ്രവർത്തിച്ചിരുന്നത്. ഈ വർഷക്കാലത്ത് കാറ്റിലും മഴയിലും മേൽക്കൂര പറന്ന് പോകുകയും ഷെഡ്ഡുകൾ ക്ലാസ്സുകൾ നടത്താൻ പറ്റാത്ത വിധത്തിൽ തകരുകയും ചെയ്തതിനാൽ സമീപത്തുള്ള ഒരു വീട്ടിൽ കോഴിക്കൂടം കേന്ദ്രവും ഭാഗികമായി തകർന്ന ഷെഡ്ഡിൽ മാറനട്ടി കേന്ദ്രവും പ്രവർത്തിക്കുന്നു.

(സി) ഉണ്ട്.

(ഡി) എസ്.എസ്.എ.-യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭിന്നതല പഠനകേന്ദ്രങ്ങളിൽ പുതിയ കെട്ടിട നിർമ്മാണത്തിനും പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പ്രത്യേകമായി തുക വകയിരുത്താൻ കഴിയില്ല. അതിനാൽ ഇപ്പോഴത്തെ ബുദ്ധിമുട്ടുകൾ പാലക്കാട് ജില്ലാ കളക്ടറേയും, അഹാഡ്സ്, ഐ.റ്റി.ഡി.പി., പഞ്ചായത്ത് അധികൃതർ എന്നിവരെ ബോദ്ധ്യപ്പെടുത്തി ടി കേന്ദ്രങ്ങൾക്കായി പുതിയ കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുന്നതിന് ധനസഹായം എസ്.എസ്.എ. ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. അവ കെട്ടിയാൽ ടി കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതാണ്.

റിട്ടയർ ചെയ്യുന്ന അദ്ധ്യാപകരും ഗ്രാറ്റുവിറ്റിയും

140 [3322] ശ്രീ. തമ്പാനൂർ രവി:
„ എ. പി. അനിൽകുമാർ:
„ എൻ. ഡി. അപ്പച്ചൻ:
„ എം. മുരളി:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) അവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് ഒരു വർഷം എത്ര തുക വേണ്ടി വരുന്നുണ്ട്;

(സി) അദ്ധ്യാപകർ ഗ്രാറ്റുവിറ്റിക്ക് അർഹർ അല്ലെന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

2004-ലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം

141 [3323] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2004 വർഷത്തിൽ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഉണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2003-2004 അദ്ധ്യയന വർഷത്തിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവ്വടെ കൊടുക്കുന്നു:

1.	തിരുവനന്തപുരം	..	22
2.	കൊല്ലം	..	46
3.	പത്തനംതിട്ട	..	73
4.	കോട്ടയം	..	8
5.	ഇടുക്കി	..	6
6.	എറണാകുളം	..	24
7.	തൃശ്ശൂർ	..	43
8.	പാലക്കാട്	..	60
9.	മലപ്പുറം	..	301
10.	ആലപ്പുഴ	..	126
11.	കോഴിക്കോട്	..	368
12.	കണ്ണൂർ	..	438
13.	വയനാട്	..	—
14.	കാസർഗോഡ്	..	81

ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ്

142 [3324] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ് ഏത് വർഷം വരെയാണ് നൽകിയിട്ടുള്ളത്;

(ബി) എത്ര വർഷത്തേക്കുള്ള കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്;

(സി) പ്രസ്തുത സ്കോളർഷിപ്പ് കുടിശ്ശിക എത്രയും വേഗം കൊടുത്ത് തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly